പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# ഐ.എ.വൈ. ഭവന പദ്ധതിയിലെ പ്രതിസന്ധി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4040 — 21.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | ഐ.എ.വൈ. ഭവന പദ്ധതിപ്രകാരം 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര ഭവനങ്ങൾ വീതം നിർമ്മിക്കാനായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നത്; ഓരോ വർഷവും എത്ര വീടുകളുടെ നിർമ്മാണം ഏറ്റെടുത്തു എന്നും, എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ; | (എ) | (table below) |
| (ബി) | പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ലക്ഷ്യം കൈവരിക്കുന്നുണ്ട് |
| (സി) | ഐ.എ. വൈ. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര വീതം തുകയാണ് അനുവദിക്കുന്നത്; SC/ST വിഭാഗങ്ങളിൽപ്പെടുന്നവർക്ക് എത്ര തുകയാണ് അനുവദിക്കുന്നത്; | (സി) | എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000/- രൂപയാണ്. ഇത് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ യഥാക്രമം 75:25 അനുപാതത്തിൽ വകയിരുത്തുന്നു. എന്നാൽ പൊതുവിഭാഗം, പട്ടികജാതി വിഭാഗം ഗുണഭോക്താക്കളുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപയായും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 2.5 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയിൽ വീട് ലഭിച്ചതിനാൽ നിലവിലുണ്ടായിരുന്ന കുടിലുകളും മറ്റും | (ഡി) | ഭവന നിർമ്മാണം പൂർത്തിയാക്കുന്ന ഘട്ടങ്ങൾക്ക് മുൻകൂറായാണ് ധനസഹായം അനുവദിക്കുന്നത്. |

(എ)

| വർഷം | ലക്ഷ്യം | ഏറ്റെടുത്ത വീടുകൾ | പൂർത്തിയാക്കിയവ (സ്പിൽ ഓവർ ഉൾപ്പെടെ) |
|---|---|---|---|
| 2012-13 | 59620 | 59620 | 43607 |
| 2013-14 | 45738 | 45738 | 55996 |
| 2014-15 | 59060 | 59060 | 50545 |

| | | | |
|---|---|---|---|
| | പൊളിച്ചുനീക്കി, പണം ലഭിക്കാത്തതിനാൽ വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ, യാതൊരു സുരക്ഷിതത്വവുമില്ലാതെ കഴിയേണ്ടി വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പണം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പണം നൽകാൻ കഴിയാത്ത പ്രതിസന്ധി എന്നുമുതലാണ് ആരംഭിച്ചത്; | | 2013-14 വരെയുള്ള വർഷങ്ങളിൽ കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും കൃത്യമായും നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധികബാധ്യതയിൽ സംസ്ഥാന സർക്കാർ നൽകേണ്ട വിഹിതം പൂർണ്ണമായും നൽകിയിട്ടില്ല. |
| (ഇ) | ഈ അവസ്ഥയ്ക്ക് എന്ത് പരിഹാര മാണ് സർക്കാരിന്റെ പക്കലുള്ളത്; അടിയന്തരമായി IAY ഗുണഭോക്താക്കൾക്ക് അവരുടെ അർഹമായ തുക നൽകാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഇ) | 2014-15 വർഷത്തെ രണ്ടാംഗഡു കേന്ദ്രവിഹിതത്തിനായുള്ള പ്രൊപ്പോസൽ ഗ്രാമവികസന മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. കുടിശ്ശികയുള്ള അധിക സംസ്ഥാന വിഹിതം നൽകുന്നതിന് 650 കോടി രൂപ HUDCO-യിൽ നിന്നും വായ്പ എടുക്കാൻ KURDFC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ